# പുകവലിയെ സംബന്ധിച്ച് താക്കീത് ചെയ്യൽ

**ഗ്രന്ഥകർത്താവ്:** *മുഹമ്മദ്ബ്നു ജമീൽ സൈനു*
**അവലംബ ഗ്രന്ഥം:** كيف نربي أولادنا وما هو واجب الآباء والأبناء
**വിവർത്തനം:** *സയ്യിദ് സഅ്ഫർ സ്വാദിഖ്*

**കുട്ടികളെ പുകവലിയെ സംബന്ധിച്ച് താക്കീത് ചെയ്യൽ രക്ഷിതാക്കളുടെയും, പരിപാലകരുടെയും നിർബ്ബന്ധ ബാധ്യതയാകുന്നു.**

**പ്രവാചകൻ(ﷺ)യുടെ കാലത്ത് പുകവലിയുണ്ടായിരുന്നില്ല. എന്നാൽ ശരീരത്തിന് ഹാനികരമായതും, കൂടെ കഴിയുന്നവരെ ഉപദ്രവിക്കുന്നതും, ധനം പാഴായി പോകുന്നതുമായ മുഴുവൻ കാര്യങ്ങളും ഇസ്‌ലാം നിഷിദ്ധമാക്കിയിട്ടുണ്ട്. ഇതിനുള്ള തെളിവ് താഴെ വിവരിക്കുന്നു:**

**1- അല്ലാഹു പറയുന്നു:**

(ويحل لَهم الطيبات ويحرم علَيهم الْخبائثَ) (الأعراف:157)

**"നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു" (അഅ്റാഫ്:157)**

**പുകവലി ചീത്തയും ഉപദ്രവമുള്ളതും, മ്ളേഛ വാസനയുള്ളതുമാകുന്നു.**

**2- അല്ലാഹു പറയുന്നു:**

(ولاَ تلْقُوا بِأَيديكُم إِلَى التهلُكَة ) (البقرة:195)

**"നിങ്ങളുടെ കൈകളെ നിങ്ങൾ തന്നെ നാശത്തിൽ തള്ളിക്കളയരുത്" (അൽബഖറ:195)**

**പുകവലി ക്യാൻസർ പോലെയുള്ള നാശകാരികളായ രോഗത്തിന് കാരണമാകുന്നു.**

**3- അല്ലാഹു വീണ്ടും പറയുന്നു:**

(ولاَ تقْتلُوا أَنفُسكُم ) (النساء:29)

**"നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്" (നിസാഅ്:29)**

പുകവലി പതിയെ, പതിയെ ശരീരത്തെ വധിക്കലാകുന്നു.

4- കള്ളിനേയും, ചൂതാട്ടത്തേയും സംബന്ധിച്ച് അല്ലാഹു പറയുന്നു:

(وإثمهما أكبر من نفعهما) (البقرة:219)

“എന്നാൽ അവയിലെ പാപത്തിൻെറ അംശമാണ് പ്രയോജനത്തിൻെറ അംശത്തെക്കാൾ വലുത്” (അൽബഖറ:219)

പുകവലിയിൽ അധികവും ഉപദ്രവമാണ്, അല്ല; മുഴുവനും ഉപദ്രവമാണ്, അതിൽ യാതൊരു നന്മയുമില്ല.

5- അല്ലാഹു പറയുന്നു:

(إن المبذرين كانوا إخوانَ الشياطين) (الإسراء:27)

“തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു” (ഇസ്രാഅ്:27)

പുകവലി പിശാചിൽ നിന്നുള്ള ദുർവ്യയമാകുന്നു.

6- പ്രവാചകൻ(ﷺ) പറയുന്നു:

(لاَ ضرر ولاَ ضرار ) (صحيح رواه إمام أحمد)

“(മതത്തിൽ) ഉപദ്രവവും, ഉപദ്രവിക്കലുമില്ല” (അഹ്മദ്)

പുകവലി അടുത്തിരിക്കുന്നവനെ ഉപദ്രവിക്കലും, സ്വന്തം സമ്പത്ത് നശിപ്പിക്കലുമാണ്.

7- പ്രവാചകൻ(ﷺ) പറയുന്നു:

(وكره (الله)إضاعة المال ) (متفق عليه)

“ധനം നശിപ്പിക്കുന്നത് (അല്ലാഹു) വെറുത്ത കാര്യമാകുന്നു” (ബുഖാരി, മുസ്‌ലിം)

പുകവലിക്കുന്നവന് പുകവലികൊണ്ട് തൻെറ ധനം നശിപ്പിക്കലാണ് സംഭവിക്കുന്നത്. അത് അല്ലാഹു വെറുക്കുകയും നിഷിദ്ധമാക്കുകയും ചെയ്ത കാര്യമാണ്.

(ഇവിടെ വെറുക്കപ്പെട്ടത് എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത്: വിശുദ്ധ ഖുർആനിൻെറയും, തിരുസുന്നത്തിൻെറയും സലഫുകളുടെ അഭിപ്രായവുമനുസരിച്ച് നിഷിദ്ധത്തേയാണ് സൂചിപ്പിക്കുന്നത്).

8- തിരുമേനി(ﷺ) പറയുന്നു:

(كُل أُمتي معافًى إلا الْمجاهِرِين ) (متفق عليه)

“എൻെറ സമുദായത്തിലെ മുഴുവനാളുകൾക്കും അല്ലാഹുവിൽ നിന്നുള്ള മാപ്പ് ലഭിക്കും, പരസ്യമായി കുറ്റം ചെയ്യുന്നവർക്കൊഴിച്ച്” (ബുഖാരി, മുസ്‌ലിം)

അതായത്: പുകവലിക്കുന്നവരെ പോലെയുള്ളവർ ഒഴിച്ച് മറ്റുള്ള മുഴുവൻ മുസ്‌ലീങ്ങൾക്കും തങ്ങളുടെ തെറ്റുകളെയും, പാപങ്ങളെയും അല്ലാഹു മായ്ക്കുന്നതാണ്, എന്നാൽ പുകവലിക്കുന്നവർ പരസ്യമായി അത് ചെയ്യുന്നത് കാരണം അവർക്കത് ലഭിക്കുകയില്ല. അതുപോലെ പരസ്യമായി ചെയ്യുന്നത് കാരണത്താൽ മറ്റുള്ളവർക്കും അതിനുള്ള പ്രേരണയാണ് അവർ നൽകുന്നന്നത്.

9- റസൂലുല്ലാഹ്(ﷺ) പറയുന്നു:

(من كَانَ يؤمن بِالله والْيوم الآخرِ فَلاَ يؤذي جاره) (بخاري)

“ആരെങ്കിലും അല്ലാഹുവിലും അവസാന നാളിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തൻെറ അയൽവാസിയെ ഉപദ്രവിക്കാതിരിക്കട്ടെ” (ബുഖാരി)

പുകവലിക്കുന്നവൻെറ വായിൽ നിന്നും വരുന്ന വെറുപ്പിക്കുന്ന വാസന കൊണ്ട് അവൻെറ ഭാര്യയും, സന്താനങ്ങളും, അടുത്തിരിക്കുന്നവരും ബുദ്ധിമുട്ടനുഭവിക്കുന്നു. പ്രത്യേകിച്ച് മലക്കുകളും, കൂടെ നമസ്കരിക്കുന്നവരും.